പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1110 — 13/06/2013 ൽ മറുപടിയ്ക്ക്

## അക്ഷയ കേന്ദ്രംവഴി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന്റെ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വിവിധ സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രം വഴി നൽകുമ്പോൾ അവയിൽ വ്യാജ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്താനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വിവിധ സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രം വഴി നൽകുമ്പോൾ വില്ലേജ് ഓഫീസറുടെ ഡിജിറ്റൽ ഒപ്പോടുകൂടിയാണ് നൽകുന്നത്.ആയതിനാൽ വ്യാജ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്താനുള്ള സാധ്യത ഇല്ല. മാത്രമല്ല, സംശയം തോന്നുന്ന പക്ഷം ഏതൊരു ഓഫീസർക്കും www.edistrict.kerala.gov.in എന്ന വെബ്സൈറ്റ് വഴി പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിക്കാവുന്നതുമാണ്. |
| (ബി) അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ വില്ലേജ് ഓഫീസുകളിൽ നിന്ന് ലഭിച്ചിരുന്ന സർട്ടിഫിക്കറ്റുകൾ പോലും അക്ഷയകേന്ദ്രങ്ങളിൽ നിന്നും ലഭിക്കാൻ രണ്ടിൽ കൂടുതൽ ദിവസങ്ങളുടെ താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. ഓൺലൈൻ ആയി വില്ലേജ് ഓഫീസർക്ക് എത്തുന്ന അപേക്ഷകൾ പരിശോധനകൾക്ക് ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയാണ് നൽകിവരുന്നത്. ആദ്യത്തെ തവണ ഇപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഒന്നോ രണ്ടോ ദിവസം താമസം നേരിടുന്നുണ്ടെങ്കിലും പിന്നീട് എപ്പോൾ വേണമെങ്കിലും തൽക്ഷണം നൽകുവാൻ സാധിക്കുന്നതാണ്. |
| (സ 1) ഓൺലൈൻ സംവിധാനത്തോടൊപ്പം വില്ലേജ് ആഫീസിൽ നിന്നും നേരിട്ടും സർട്ടിഫിക്കറ്റുകൾ നൽകാൻ നടപടി ഉണ്ടാകുമോ? | (സ 1) വില്ലേജ് ഓഫീസുകളിലെ തിരക്കുമൂലവും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ ദൗർലഭ്യം മൂലവുമാണ് ഇപ്പോൾ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്. വില്ലേജ് ഓഫീസുകളിൽ നിന്നും നേരിട്ട് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ